**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5116** **04-07-2024 - ൽ മറുപടിയ്ക്ക്**

**കറുകച്ചാൽ എ.ഇ.ഒ.യ്ക്ക് എതിരായ അച്ചടക്ക നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിലെ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും പട്ടികജാതി വിഭാഗക്കാരിയുമായ ശ്രീമിതി ഓമന കെ.കെ.യ്ക്ക് എതിരായി അച്ചടക്ക നടപടി സ്വീകരിച്ചത് ആരുടെ പരാതിയുടെ അടിസ്ഥാനത്തിലാണെന്നും എന്താണ് പരാതിയെന്നും വ്യക്തമാക്കാമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായ ശ്രീമതി ഓമന കെകെ 07/04/2024ൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗത്തിൽ സർക്കാരിനെയും സർക്കാരിന്റെ നയങ്ങളെയും രൂക്ഷമായി വിമർശിച്ചതായി ദൃശ്യമാധ്യമങ്ങളിൽ വാർത്ത വന്നിരുന്നു.ഇത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ജില്ലാതല നിയന്ത്രണാധികാരി എന്ന നിലയിൽ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ ടി വിഷയത്തിൽ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ടിയാൾ സമർപ്പിച്ച വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനായുള്ള കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശിപാർശ പരിശോധിച്ച് ടിയാളുടെ അച്ചടക്ക അധികാരി സർക്കാർ ആയതിനാൽ ടി വിഷയത്തിൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ഗവ.ചീഫ് വിപ്പിൽ നിന്നും ഒരു പരാതി ലഭിച്ചിരുന്നു. ടി പരാതി **അനുബന്ധം 1-ആയി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉദ്യോഗസ്ഥയുടെ പേരിൽ ചുമത്തിയിരിക്കുന്ന ചാർജ് എന്താണെന്ന് അറിയിക്കാമോ; | (ബി) | കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ശ്രീമതി ഓമന കെ.കെ 07/04/2024ൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് നടത്തിയ പ്രസംഗം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 60-ന്റെ ലംഘനമാണ് എന്നതാണ് ടിയാൾക്കെതിരെ ചുമത്തിയിരിക്കുന്ന ചാർജ്. |

| | | | |
|---|---|---|---|
| (സി) | ടിയാളുടെ ഔദ്യോഗിക കൃത്യനിർവഹണം സംബന്ധിച്ച് നാളിതുവരെ മറ്റെന്തെങ്കിലും പോരായ്മകൾ കണ്ടെത്തുകയോ ടിയാൾക്കെതിരെ ആരുടെയെങ്കിലും പരാതി ലഭിക്കുകയോ ഉണ്ടായിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | ഗുണമേന്മാ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി സർക്കാർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്ക് അനുകൂലമായി പ്രസംഗിച്ചതിന്റെ പേരിൽ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അച്ചടക്ക നടപടി നേരിടേണ്ടി വന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ഡി) | കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസറായ ശ്രീമതി ഓമന കെകെ. 07/04/2024 തീയതിയിൽ മണിമല സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു നടത്തിയ പ്രസംഗം സംബന്ധിച്ച് ടി ഓഫിസറുടെ ഭാഗത്തു നിന്നും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 60 ന്റെ ലംഘനം ഉണ്ടായതായി കണ്ടെത്തിയതിനെ തുടർന്നാണ് ടിയാൾക്കെതിരെ 1960-ലെ കെ.സി.എസ് (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുവാൻ സർക്കാർ തീരുമാനമെടുത്തത്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അച്ചടക്ക അധികാരി സർക്കാരായതിനാൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് സർക്കാർ 01/07/2024-ലെ സ.ഉ (സാധാ) നം.4131/2024/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.(അനുബന്ധം 11) |
| (ഇ) | ടിയാളുടെ പ്രസംഗത്തിന്റെ ഓഡിയോ/വീഡിയോ കേൾക്കാതെയും, നേരിൽ കേൾക്കണമെന്ന് ആവശ്യപ്പെട്ടിട്ടും അപ്രകാരം ചെയ്യാതെയും ടിയാൾക്കെതിരെ അച്ചടക്ക നടപടിക്ക് കോട്ടയം ഡി.ഡി.ഇ. ശിപാർശ ചെയ്തത് ടിയാൾക്ക് നിലവിൽ ലഭിക്കേണ്ട സ്ഥാനക്കയറ്റം തടയുന്നതിന് വേണ്ടി മനഃപൂർവമായി ചെയ്തതാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | ചെയ്യാത്ത കുറ്റത്തിന്റെ പേരിൽ പട്ടിക ജാതിക്കാരിയായ ടിയാളുടെ സ്ഥാനക്കയറ്റം തടയുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എഫ്) | ശ്രീമതി ഓമന കെകെ.യുടെ ഭാഗത്തുനിന്നുണ്ടായ അച്ചടക്ക ലംഘനത്തിനാണ് ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ

2412359/26.2.24


**ഡോ. എൻ. ജയരാജ്**
(എം. എ., പിഎച്ച്. ഡി.)
**ഗവ. ചീഫ് വിപ്പ്**

റൂം നമ്പർ-730,
മൂന്നാം നില
നിയമസഭാ കോംപ്ലക്സ്,
തിരുവനന്തപുരം-695 033

ഫോൺ :
ഓഫീസ് : 0471-2512080
മൊബൈൽ : 9447464451
ഇ-മെയിൽ : governmentchiefwhip@gmail.com


DGE

സ്ഥലം : തിരുവനന്തപുരം
16/02/2024

വി. ശിവൻകുട്ടി
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

No.61 /GCW/2024

ശ്രീ.വി.ശിവൻകുട്ടി
ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി
കേരള സർക്കാർ

ആദരണീയ മന്ത്രി,

എന്റെ നിയോജകമണ്ഡലത്തിലെ കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി.ഓമന കെ.കെ. നടത്തിയ അച്ചടക്ക ലംഘനം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ കത്തെഴുതുന്നത്. ടിയാൾ ഒരു സ്വകാര്യ സ്കൂളിൽ ക്ഷണമനുസരിച്ച് ഒരു പരിപാടിയിൽ പങ്കെടുക്കുകയും സർക്കാർ സ്കൂളുകളെയും സർക്കർ സ്കൂളുകളിൽ അനുവർത്തിക്കുന്ന വിദ്യാഭ്യാസ രീതികളെ നിശിതമായി വിമർശിക്കുകയും അത്തരം വിദ്യാഭ്യാസത്തിന്റെ ന്യൂനതകൾ കാരണം സ്വന്തം കുട്ടികളെ സ്വകാര്യ സ്കൂളുകളിൽ പഠിപ്പിക്കേണ്ടി വന്നതായും പൊതുവേദിയിൽ പ്രസംഗിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ രംഗത്തെ ലോകോത്തരനിലവാരത്തിലെത്തിക്കാൻ ഈ സർക്കാർ വളരെയധികം ജാഗ്രതയോടെ പ്രവർത്തിക്കുകയും അതിന്റെയെല്ലാം പ്രകടമായ മാറ്റങ്ങൾ അഭുതപൂർവ്വമായി നമ്മുടെ വിദ്യാഭ്യാസ മേഖലയാകെ അനുഭവിക്കുകയും ചെയ്യുന്ന ഇക്കാലഘട്ടത്തിൽ അതിന്റെയെല്ലാം പ്രചരണത്തിനു മുൻപോട്ടു വരേണ്ട നേതൃനിരയിൽ തന്നെയുള്ള ഒരു ഉദ്യോഗസ്ഥ സർക്കാർ നയത്തിനെതിരെ പൊതുവേദിയിൽ പ്രസംഗിക്കാനിടയായത് ഗുരുതര അച്ചടക്കലംഘനമായി കാണുന്നു. അങ്ങയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണമെന്നും ടി ഉദ്യോഗസ്ഥയ്ക്ക് എതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ.എൻ.ജയരാജ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി ഓമന കെ.കെ.ക്കെതിരായ അച്ചടക്ക നടപടി- ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.രഞ്ജൻ രാജ് ആർ. പി. യെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4131/2024/GEDN തീയതി,തിരുവനന്തപുരം, 01-07-2024

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 23/03/2024- ലെ ഡി.ജി.ഇ/4015/2024 -VA 4 നമ്പർ കത്ത്.
2. ശ്രീമതി ഓമന കെ.കെ.യ്ക്ക് നൽകിയ 06/05/2024 ലെ ഡിഎ1/42/2024/പൊ.വി.വ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
3. ശ്രീമതി ഓമന കെ.കെ. സമർപ്പിച്ച 23/05/2024-ലെ പ്രതിവാദ പത്രിക
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/06/2024- ലെ ഡി.ജി.ഇ/4015/2024 -VA 4 നമ്പർ കത്ത്.

**ഉത്തരവ്**

കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫിസറായ ശ്രീമതി ഓമന കെ. കെ. മണിമല സെന്റ്.സ്റ്റീഫൻസ് സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്ത് സംസാരിച്ചപ്പോൾ പൊതുവേദിയിൽ വെച്ച് സർക്കാരിന്റെ പ്രവർത്തനത്തെയും സർക്കാർ നയങ്ങളെയും വിമർശിച്ച് കൊണ്ട് സംസാരിച്ചതായും, ആയത് റിപ്പോർട്ടർ എന്ന വാർത്താ ചാനലിൽ പ്രക്ഷേപണം ചെയ്തതായും, പിന്നീട് പല ദൃശ്യമാധ്യമങ്ങളിലും പ്രസ്തുത വാർത്ത ആവർത്തിച്ചതായും, ടിയാളുടെ പ്രസ്താവനകൾ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960- ലെ ചട്ടം 60 ന്റെ ലംഘനമാണെന്ന് കണ്ടെത്തി കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾക്കെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. മേൽ ശിപാർശയുടെ

അടിസ്ഥാനത്തിൽ ശ്രീമതി ഓമന കെകെ.യ്ക്കെതിരെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുന്നതിന്റെ ഭാഗമായി പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിരുന്നു.

2. ആയതിന് ടിയാൾ സമർപ്പിച്ച പരാമർശം (3) പ്രതിവാദപത്രികയിൽ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിഷേധിച്ചിരുന്നു. സ്വകാര്യ സ്കൂളിൽ നടത്തിയ പരിപാടിയിൽ പങ്കെടുക്കുമ്പോൾ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്ന നിലയിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന വിവിധങ്ങളായ പദ്ധതികളെപ്പറ്റി വിപുലമായ ബോധവൽക്കരണവും പ്രചാരണവും നടത്താൻ ശ്രീമതി ഓമന കെ.കെ. ബാധ്യസ്ഥയാണ് എന്നിരിക്കെ പ്രസ്തുത വീഡിയോയിലെ ടിയാരിയുടെ പ്രസംഗത്തിലെ പരാമർശങ്ങൾ സ്വകാര്യ സ്കൂളുകളെ സഹായിക്കുന്ന വിധമായിരുന്നു എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ടി പ്രതിവാദ പത്രികയിൽ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (2) കുറ്റപത്രത്തിൻമേൽ ശ്രീമതി ഓമന കെ.കെ. സമർപ്പിച്ച പരാമർശം (3) പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം (4) - ലെ ശിപാർശയുടെ അടിസ്ഥാനത്തിലും 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും )ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്ക നടപടി തുടരുവാൻ തീരുമാനിക്കുകയും ആയതിന്റെ ഭാഗമായ ഔപചാരിക അന്വേഷണം നടത്തുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ ശ്രീ.രഞ്ജൻ രാജ് ആർ.പി.യെ ചുമതലപ്പെടുത്തി ഉത്തരവാകുകയും ചെയ്യുന്നു.

4. അന്വേഷണ ഉദ്യോഗസ്ഥൻ ഒരു മാസത്തിനകം റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GEETHA GOPINATH
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീമതി ഓമന കെ.കെ. (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
ശ്രീ.രഞ്ജൻ രാജ് ആർ.പി., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്(പരാമർശം (2) കുറ്റപത്രം& കുറ്റാരോപണ പത്രിക, പരാമർശം (3) പ്രതിവാദ പ്രതിക എന്നിവയുടെ പകർപ്പ് സഹിതം)
അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഡി.എ1/42/2024/പൊ.വി.വ. ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്